(b)	1982-83	1832 Nos.
	1983-84	1595 ,,
	1984-85	2618 ,,
	1985-86	2641 ,,
Total		8686 Nos.

സീതത്തോട്—ആങ്ങമൂഴി വൈദ്യുതി ലൈൻ

211 [263] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി സബ് ഡിവിഷനിൽപ്പെട്ട സീതത്തോട്, ആങ്ങമൂഴി വൈദ്യുതി ലൈൻ നീട്ടുന്നതിനുള്ള ടെണ്ടർ കൊടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് എഗ്രിമെന്റ് വച്ചതെന്നു വെളിപ്പെടുത്താമോ ;

(സി) എഗ്രിമെന്റ് അടിസ്ഥാനത്തിൽ അവിടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-10-1986.

(സി) 1-11-1986 മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങത്തക്ക വിധത്തിൽ വേണ്ട സാധന സാമഗ്രികളും മറ്റും സമാഹരിച്ചുകൊണ്ടിരിക്കുന്നു.

അഞ്ചരക്കണ്ടി-ചോരയാംകുണ്ട് പ്രദേശത്ത് വൈദ്യുതി കണക്ഷൻ

212 [264] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചക്കരക്കൽ സെക്ഷനു കീഴിൽ അഞ്ചരക്കണ്ടി ചോരയാംകുണ്ട് പ്രദേശത്തെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോഴാണ് അത് ലഭിച്ചത് ;

(സി) പ്രസ്തുത അപേക്ഷയിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഡി) ഔദ്യോഗിക സാങ്കേതിക നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് പ്രസ്തുത കണക്ഷൻ നൽകാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1981-ൽ ലഭിച്ച അപേക്ഷകളുണ്ട്.

(സി) എസ്റ്റിമേറിനു ഭരണാനുമതി നല്കി ഉപഭോക്താക്കൾ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് സമർപ്പിച്ചിട്ടുണ്ട്.

(ഡി) മുൻഗണനാക്രമം അനുസരിച്ചു കഴിയുന്നതും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly